**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 692** **28-01-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചത് എന്നെന്നും എവിടെ വച്ചെന്നും വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി എത്ര വീടുകളിലാണ് വൈദ്യുതി എത്തിക്കാനായതെന്നും എത്ര രൂപയാണ് ചെലവായിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാട്ടാക്കട നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചത് 2017 മെയ് 21-ന് പേയാട് നടന്ന ചടങ്ങിലാണ്.<br><br>കാട്ടാക്കട മണ്ഡലം സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ആകെ കൊടുത്തിട്ടുള്ള കണക്ഷൻസ് - 330<br><br>ചെലവായ ആകെ തുക – Rs.19,35,438.68/- (പത്തൊൻപതു ലക്ഷത്തി മുപ്പത്തയ്യായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട് രൂപ അറുപത്തി എട്ട് പൈസ മാത്രം) |
| (ബി) | കഴിഞ്ഞ പത്തു വർഷമായി വൈദ്യുതി വകുപ്പിന്റെ കീഴിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടന്നിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിനായി ചെലവഴിച്ച തുക, ലക്ഷ്യങ്ങൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവയും വിശദമാക്കാമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.** *(വിതരണ വിഭാഗം)*<br><br>വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പ് വരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്ര ആവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS), പി പി എസ് എന്നിവയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിൽ കാട്ടാക്കട സർക്കിളിനു കീഴിൽ വിവിധ സെക്ഷനുകളിലായി വർക്കുകൾ നടത്തിവരുന്നു.<br><br>കഴിഞ്ഞ പത്തുവർഷമായി കെ എസ് ഇ ബി എൽ മുഖേന കാട്ടാക്കട നിയോജക മണ്ഡലത്തിൽ മേൽ പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തികൾക്കായി അനുവദിച്ച തുക നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു.<br><br>കാട്ടാക്കട നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 12,60,000/- രൂപ |

ചിലവിൽ 28 kW സ്ഥാപിത ശേഷിയിൽ 9 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ കാട്ടാക്കട മണ്ഡലത്തിൽ കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സ്കൂളുകളിലുമായി ആകെ 455 kW ശേഷിയുള്ള സൗരോർജ്ജ പദ്ധതി 54 സ്ഥാപനങ്ങളിലായി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 375 kW ന്റെ പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി 80 kW ന്റെ പദ്ധതി നടന്നു വരുന്നു. പദ്ധതിയുടെ അടങ്കൽ തുക 2,39,95,812/- രൂപ ആണ്.

ഇതിനു പുറമേ കാട്ടാക്കട നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,95,230/- രൂപ ചെലവിൽ 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനും, സംസ്ഥാനത്തിന് നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുക എന്നത് മുന്നിൽ കണ്ടുമാണ് ഈ പ്രവൃത്തി നടപ്പിലാക്കിയത്.

**കെ.എസ്.ഇ.ബി.എൽ.** *(പ്രസരണ വിഭാഗം)*

കാട്ടാക്കട നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പ്രസരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിയ്ക്കുമായി ചിലവഴിച്ച തുകയും:

1. കാട്ടാക്കട 220കെ.വി. സബ്സ്റ്റേഷൻ നിർമാണം പൂർത്തിയാക്കി. ആയതിനു 124.43 കോടി രൂപ ചെലവഴിച്ചു.
2. കാട്ടാക്കട 110കെ.വി. സബ്സ്റ്റേഷനിലെ പുതിയ കൺട്രോൾ റൂം കെട്ടിടം 2025-2026-ൽ പൂർത്തിയാക്കി. ആയതിനു 1.74 കോടി രൂപ ചെലവഴിച്ചു.
3. പുതുതായി നിർമ്മിച്ച കൺട്രോൾ റൂമിലേക്കുള്ള ട്രഞ്ച് 2025-26-ൽ പൂർത്തിയാക്കി. ആയതിനു 61 ലക്ഷം രൂപ ചെലവഴിച്ചു.

**അനെർട്ട്**

കാട്ടാക്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്തു വർഷമായി അനെർട്ട് മുഖേന നടപ്പിലാക്കിയ **സൗരോർജ്ജ** പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- സൗരതേജസ് പദ്ധതി വഴി വിവിധ വീടുകളിലായി 289 കിലോവാട്ട് ആകെ

സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. ഇതിനായി സബ്സിഡി ഇനത്തിൽ** 51,50,739/- രൂപ ചിലവഴിച്ചു.

- അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ 85 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ** നിലയങ്ങൾ (7എണ്ണം) സ്ഥാപിച്ചു. ഇതിനായി ആകെ 48,28,071/- രൂപ ചിലവഴിച്ചു. ഗവ. ഐ.ടി.ഐ. ആര്യനാട് 3 എണ്ണം സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിച്ച വകയിൽ 2,08,500/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.

**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**

- നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത കാട്ടാക്കട പഞ്ചായത്തിലെ 38 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽ പി ജി ഉപയോഗം കുറയ്ക്കുവാനും സാധിച്ചു. 38 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 3,56,934/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കാർബൺ ന്യൂട്രൽ കാട്ടാക്കട എന്ന ഫ്ലാഗ്ഷിപ് ക്ലൈമറ്റ് റെസിലിയൻസ് പ്രോജക്ടിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ താഴെ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

- 81 സർക്കാർ സ്ഥാപനങ്ങളുടെയും, 53 സ്കൂളുകളുടെയും ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
- ഇതിന്റെ തുടർ നടപടികളുടെ ഭാഗമായി കാട്ടാക്കട നിയോജക മണ്ഡലത്തിലെ 2 സർക്കാർ സ്കൂളുകളുടെയും 24 ആരോഗ്യ

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളുടെയും 12 സർക്കാർ കെട്ടിടങ്ങളുടെയും ഊർജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ 226 എൽ.ഇ.ഡി. ലൈറ്റുകളും, 482 ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചു.<br>• 134 സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും 38 സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 14,75,335/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

## 1. പൂർത്തിയാക്കിയ പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം/അളവ് | തുക (ലക്ഷം) | പ്രധാനപ്പെട്ട പ്രവൃത്തികൾ |
|---|---|---|---|---|
| 1 | ദ്യുതി 2.0 | 83 എണ്ണം | 854.64 | LT ലൈൻ റീകണ്ടക്റ്ററിങ്/നിർമ്മാണം - 32 km,<br>HT ലൈൻ റീകണ്ടക്റ്ററിങ്/നിർമ്മാണം - 8 km<br>ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈസേഷൻ - 24 എണ്ണം<br>ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ - 6 എണ്ണം<br>പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചത് - 2 എണ്ണം |
| 2 | RDSS | 8 എണ്ണം | 227.23 | HT ലൈൻ റീകണ്ടക്റ്ററിങ് - 60 km |
| 3 | PPS | 220 km | 209.01 | സ്ട്രീറ്റ് മെയിൻ കൂട്ടിച്ചേർക്കൽ (എ ബി കേബിൾ) |
| | | 52 എണ്ണം | 2.6 | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ |

## 2. പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം /അളവ് | തുക | പ്രധാനപ്പെട്ട പ്രവൃത്തികൾ |
|---|---|---|---|---|
| 1 | ദ്യുതി 2.0 | 32 എണ്ണം | 238 | LT ലൈൻ റീകണ്ടക്റ്ററിങ്/നിർമ്മാണം - 2 km<br>HT ലൈൻ റീകണ്ടക്റ്ററിങ്/നിർമ്മാണം - 13 km<br>UG കേബിൾ നിർമ്മാണം - 1.2 km<br>സ്പേസർ (4000 എണ്ണം). |
| 2 | RDSS | 5 എണ്ണം | 227 | HT ലൈൻ റീകണ്ടക്റ്ററിങ് - 12 km |
| 3 | PPS | 1.6 km | 0.75 | സ്ട്രീറ്റ് മെയിൻ കൂട്ടിച്ചേർക്കൽ (എ ബി കേബിൾ) |

**അനുബന്ധം-II**

## അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ നിലയങ്ങളുടെ വിശദാംശങ്ങൾ

| ക്രമ. നം. | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക | ഇനം |
|---|---|---|---|
| 1. | വെള്ളനാട് ഗവ. എൽ.പി.സ്കൂളിൽ സ്ഥാപിച്ച 5 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 2,16,224 | ഓൺ ഗ്രിഡ് |
| 2. | വിളപ്പിൽശാല ഗവ. യു.പി.സ്കൂളിൽ സ്ഥാപിച്ച 5 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 2,72,363/- | ഓൺ ഗ്രിഡ് |
| 3. | കുളത്തുമ്മൽ ഗവ. എൽ.പി.സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 1,85,272/- | ഓൺ ഗ്രിഡ് |
| 4. | ഗവ. എം.എം.എസ് കോളേജ് മലയിൻകീഴിൽ സ്ഥാപിച്ച 60 kW (30kW*2) ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 35,68,960/- | ഓഫ് ഗ്രിഡ് |
| 5. | ഗവ. ഐ.ടി.ഐ. ആര്യനാടിൽ സ്ഥാപിച്ച 3 സൗരോർജ്ജ തെരുവു വിളക്കുകൾ | Rs. 2,08,500/- | സൗരോർജ്ജ തെരുവു വിളക്കുകൾ |
| 6. | വീരണക്കാവ് കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച 2 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 1,57,652/- | ഓൺ ഗ്രിഡ് |
| 7. | കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച 10 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 4,27,600/- | ഓൺ ഗ്രിഡ് |